ചങ്ങനാശേരി ആയുർവ്വേദ ഡിസ്പെൻസറി.

228. [27] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശേരി ഗവണ്മെൻറ് ആയുർവ്വേദ ഡിസ്പെൻസറിയിലെ ഇപ്പോഴത്തെ സൗകര്യങ്ങൾ തുലോം അപര്യാപ്തമാണെന്ന് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടി ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുന്നതിനും, സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സത്വരനടപടികൾ നടത്തുമോ ?

ഉത്തരം

(എ) സൗകര്യങ്ങൾ കുറവാണെന്ന് അറിയാം.

(ബി) രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്ത് അതിനെക്കുറിച്ചു പരിഗണിക്കാം.

Persons died of Cholera in coastal villages.

229. [28] SHRI T. T. DANIEL : Will the Minister for Health be pleased to state :

The number of persons who died of Cholera in the Coastal Villages such as Colachel, Kodimana, Vaniakudi and Kurumpana in the last year 1954, April—1955, April.

Answer

Nil

പോലീസ് സ്റ്റേഷൻ മാറ്റുന്നതിനു വേണ്ട സ്ഥലം.

230. [29] ശ്രീ. ടി. ഒ. ബാവാ : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടപ്പള്ളി പോലീസ് സ്റ്റേഷൻ കളമശ്ശേരിക്ക് മാറ്റുന്നതിനു വേണ്ടി മുസ്ലിം പള്ളിവക ശ്മശാനത്തിൽനിന്നും കുറെ സ്ഥലം അക്വയർ ചെയ്യാൻ കല്പന നൽകിയിട്ടുണ്ടോ ?

ഉത്തരം.

മുസ്ലിം പള്ളിവക 50 (അൻപതു) സെൻറ് സ്ഥലം അക്വയർ ചെയ്യാൻ കല്പന നൽകിയിട്ടുണ്ട് ?

പഞ്ചായത്ത് പ്രസിഡൻറിനെതിരെ അവിശ്വാസപ്രമേയം.

231. [32] ശ്രീ. ടി. എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടവാ പഞ്ചായത്ത് പ്രസിഡൻറിനെതിരെ പഞ്ചായത്ത് അവിശ്വാസപ്രമേയം പാസാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

(ബി) ഇതു പഞ്ചായത്ത് വകുപ്പുമന്ത്രി സ്റ്റേ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്റ്റേയ്ക്ക് ഇതേവരെ ഒരു തീരുമാനം ഉണ്ടാകാതിരുന്നതിനുള്ള കാരണം എന്ത് ;

(ഡി) ഇതു സംബന്ധിച്ചുള്ള അന്വേഷണത്തിൽ ഏതു ഡിപ്പാർട്ട്മെൻറിലാണ് ഏറ്റവും കൂടുതൽ താമസം ഉണ്ടായിട്ടുള്ളത് .

(ഈ) ഇക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകാൻ ഇനിയും കാലതാമസം വേണ്ടിവരുമോ; എന്തു താമസം വേണ്ടിവരും ; എവിടെയെങ്കിലും ഈ ഫൈൽ വച്ചു താമസിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം.

(എ) ഇടവാ പഞ്ചായത്ത് പ്രസിഡൻറിന്റെ പേരിൽ പഞ്ചായത്ത് അവിശ്വാസം രേഖപ്പെടുത്തിയിട്ടുണ്ട്. രേഖപ്പെടുത്തിയതു 1954 ഒക്ടോബർ 9-ാംനു.

(ബി) പഞ്ചായത്തിന്റെ തീരുമാനം ഗവണ്മെൻറിൽനിന്നും ജി. പി. എൽ. എസ്. 12-20491/54/ ഡി. ഡി. /12-10-54 പ്രകാരം താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) ഡിപ്പാർട്ടുമെൻറൽ നടപടികൾ പൂർത്തിയാകാത്തതുകൊണ്ട്.

(ഡി) അന്വേഷണത്തിനു താമസമുണ്ടായിട്ടില്ല.

(ഇ) ഡിപ്പാർട്ടുമെൻറൽ നടപടികൾ പൂർത്തിയായി. പ്രസ്തുത പഞ്ചായത്തു പ്രസിഡൻറിൽനിന്നും മറ്റുചില മെമ്പർമാരിൽനിന്നും കിട്ടിയിട്ടുള്ള ഹർജികൾ അവരുടെ നിയമോപദേഷ്ടാക്കളായ അഡ്വൊക്കേറ്റുകൾ വഴി കേൾക്കുവാൻ പോകുകയാണ്. അതുകഴിഞ്ഞാൽ ഉടൻ അവസാനതീരുമാനം ഉണ്ടാകുന്നതാണ്. ഇക്കാര്യത്തെപ്പറ്റിയുള്ള ഫൈൽ ഒരു സ്ഥലത്തും വച്ചു താമസിപ്പിച്ചിട്ടില്ല.

9 A. M.]

Mr. SPEAKER : Order. Order. Now we will pass on to Legislative Business.

ശ്രീ. പി. കെ. യശോധരൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. കഴിഞ്ഞ 11-ാംതീയതി നിയമസഭാ റൂൾസ് 62 അനുസരിച്ചു ഒരു നോട്ടീസ് തന്നിരുന്നു. അതായതു താലൂക്കു പുനർവിഭജനകമ്മിറ്റിയുടെ നിയമനത്തെ സംബന്ധിച്ചുള്ള ഒരു വിശദീകരണമാണ്. സംസ്ഥാനപുനർവിഭജനകമ്മിറ്റിയുടെ റിപ്പോർട്ട് പബ്ലിഷ് ചെയ്തു കഴിഞ്ഞതുകൊണ്ട് ഇപ്പോൾ ഒരു ബൗണ്ടറികമ്മിറ്റിയെ നിയമിക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചു് മലബാർക്കാരിൽ ഇങ്ങോട്ടു ചേക്കാൻപോകുന്ന അവസരത്തിൽ അക്കാര്യത്തെപ്പറ്റി ഒരു ഡിസ്കഷൻ നടത്തണമെന്നു പറഞ്ഞ റൂൾ 62 അനുസരിച്ചു നോട്ടീസ് കൊടുത്തിട്ടുള്ളതാണ്. അതേപ്പറ്റി എന്താണ് നടപടി എടുത്തിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

MR. SPEAKER : The reply will be communicated to you today.

LIBRARY ARCHIVES Kerala Legislative Assembly